**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - താത്കാലിക-കരാർ അടിസ്ഥാനത്തിലുള്ള സോഫ്റ്റ്‌വെയർ/ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ നിയോഗം സംബന്ധിച്ച് വ്യവസ്ഥകൾ നിർണയിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 1721/AD A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.03.2021

---

*പരാമർശം:*-1. 22.03.2021 തീയതിയിലെ രജി/01/52/2021 നമ്പർ രജിസ്ട്രാറുടെ കുറിപ്പിന്മേൽ ഉള്ള ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാലയിൽ താത്കാലിക - കരാർ അടിസ്ഥാത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സോഫ്റ്റ്‌വെയർ/ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ നിയോഗം സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾ നടപ്പിൽ വരുത്തിക്കൊണ്ട് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. നിലവിൽ സർവകലാശാലയിൽ നിയോഗിച്ചിട്ടുള്ള സോഫ്റ്റ് വെയർ/സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ കാലാവധി പല ഘട്ടങ്ങളിലായാണ് അവസാനിക്കുന്നത്. ഇതു പലപ്പോഴും യഥാസമയം ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നൽകുന്നതിനും മറ്റും വീഴ്ചയ്ക്ക് ഇടയാക്കുന്നു എന്നത് കണക്കിലെടുത്തു "നിലവിൽ സർവ്വകലാശാലയുടെ പരീക്ഷ വിഭാഗം, സിറ്റാഡ് എന്നിവിടങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള മുഴുവൻ സോഫ്റ്റ് വെയർ/സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ സേവനം 31.03.2021 തീയതി വച്ച് അവസാനിപ്പിച്ച് ഡിസ്ചാർജ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. തുടർന്ന് ടി സോഫ്റ്റ് വെയർ /സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരെ സേവന ഭംഗത്തിനു ശേഷം 05.04.2021 മുതൽ ഡിസ്ചാർജ് നൽകിയപ്പോൾ ലഭിച്ചിരുന്ന പ്രതിമാസ വേതനത്തിൽ പുനർ നിയോഗിക്കാവുന്നതാണ്. ഇപ്രകാരം പുനർ നിയോഗിക്കപ്പെടുന്ന സോഫ്റ്റ് വെയർ /സീനിയർ സോഫ്റ്റ്‌വെയർഡെവലപ്പർമാരുടെ സേവന കാലാവധി 31.08.2021 വരെ എന്ന് നിശ്ചയിക്കാവുന്നതാണ്. ടി തീയതിക്ക് ശേഷം സേവന ഭംഗത്തോടുകൂടി തുടർന്ന് നിയോഗിക്കപ്പെടുന്നവർക്ക് നിലവിൽ കൈപ്പറ്റി കൊണ്ടിരുന്ന കൺസോളിഡേറ്റഡ് വേതനം നൽകാവുന്നതാണ്".

2. പരീക്ഷാവിഭാഗം, CETEX ൽ നിയോഗിക്കപ്പെട്ടിരിക്കുന്ന സോഫ്റ്റ് വെയർ /സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാർക്ക് DDFS മുഖേന ഫയലുകൾ കാണുന്നതിനും, കുറിപ്പുകൾ എഴുതുന്നതിനും അനുമതി നൽകണമെന്നു പരീക്ഷ കൺട്രോളർ അറിയിച്ചിരുന്നു. ഇത്തരത്തിൽ ഫയലുകൾ കാണുന്നതിനും, കുറിപ്പുകൾ എഴുതുന്നതിനും അനുമതി നൽകേണ്ട ഓരോ സോഫ്റ്റ് വെയർ /സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ മാർക്കും CITAD സെക്ഷൻ മുഖേന യൂസർ നെയിം ആയി ഒരു കോഡ് അനുവദിക്കേണ്ടതും, ഈ കോഡ് ഉപയോഗിച്ചു മാത്രം ടി സോഫ്റ്റ് വെയർ/സീനിയർ

Draft #1 of File 63659/CITAD -1/2021/CITAD Approved by ASSISTANT REGISTRAR I (ADMIN) on 23-Mar-2021 04:06 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സോഫ്റ്റ്‌വെയർ ഡെവലപ്പർമാർക്ക് DDFS ഉപയോഗത്തിന് (viewing & noting) അനുമതി നൽകാവുന്നതാണ്. ടി സോഫ്റ്റ് വെയർ/സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ പേരോ, മറ്റു വിവരങ്ങളോ DDFS ൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. ഇപ്രകാരം അനുമതി നൽകപ്പെടുന്ന സോഫ്റ്റ് വെയർ/സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർമാരുടെ പേര്, കോഡ് നമ്പർ എന്നിവയടങ്ങുന്ന പട്ടിക CETEX സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി രജിസ്ട്രാർ V (പരീക്ഷ) ന് CITAD സെക്ഷൻ കൈമാറേണ്ടതാണ്. ടി വിവരങ്ങൾ നിയോഗിക്കപ്പെട്ടിട്ടുള്ള പ്രോഗ്രാമർമാരുടെ സേവന കാലം ഉൾപ്പെടെ, ഒരു രെജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

പകർപ്പ്

1. വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി എസ് മാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എ ആർ- I/ ഡി ആർ I/ ജെ ആർ I
4. IIRBS/ SMBS/ STS
5. CITAD സെക്ഷൻ (അനുബന്ധനടപടികൾക്കായി)/ CETEX
6. ഓഡിറ്റ് 1/ ജനറൽ ക്യാഷ്/ എഡി ഡി
7. സി. എം. എസ് / ഐ. ക്യു. എ. സി.
8. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ.

Draft #1 of File 63659/CITAD -1/2021/CITAD Approved by ASSISTANT REGISTRAR I (ADMIN) on 23-Mar-2021 04:06 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം